# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7080 11.07.2014 -ലെ മറുപടിയ്ക്ക്

## ഹയർ സെക്കന്ററി സ്കൂളുകളിൽ 2011-ൽ അധികമായി അനുവദിച്ച ബാച്ചുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ. രാധാകൃഷ്ണൻ<br>,, ജെയിംസ് മാത്യു<br>,, കെ. കുഞ്ഞമ്മത് മാസ്റ്റർ<br>,, പുരുഷൻ കടലുണ്ടി | | ശ്രീ. പി. കെ. അബ്ദുറബ്ബ്.<br>(ബഹു:വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) | ഹയർ സെക്കന്ററി സ്കൂളുകളിൽ 2011- ൽ അധികമായി ബാച്ചുകൾ അനുവദിക്കുകയുണ്ടായോ; എങ്കിൽ എന്നു മുതൽ; | (എ) | 03/08/2011 -ലെ സ.ഉ.(കൈ.) നം. 167/11/പൊവി പ്രകാരം 2011-12 അധ്യയന വർഷം സർക്കാർ - എയ്ഡഡ് മേഖലയിൽ 550 അധിക ബാച്ചുകൾ അനുവദിക്കുകയുണ്ടായി. |
| (ബി) | പ്രസ്തുത ബാച്ചുകളിലേക്ക് അധികമായുള്ള അദ്ധ്യാപക തസ്തിക എന്ന മുതൽക്കാണ് അനുവദിച്ച് ഉത്തരവായത്; | (ബി) | സർക്കാർ മേഖലയിലേക്കുള്ള അധ്യാപക തസ്തികകൾ 31/08/2013-ലെ സ.ഉ.(കൈ.) നം.246/13/പൊവി പ്രകാരവും എയ്ഡഡ് മേഖലയിലേക്കുള്ള അധ്യാപക തസ്തികകൾ 15/07/2013-ലെ സ.ഉ.(കൈ.) നം.211/13/പൊവി പ്രകാരവും അനുവദിക്കുകയുണ്ടായി. |
| (സി) | അധികമായി അനുവദിച്ച ബാച്ചുകളിൽ നിയമിക്കപ്പെട്ട അദ്ധ്യാപകർക്ക് ശമ്പളം ഇല്ലാതാകുന്ന അവസ്ഥ ഉണ്ടായിട്ടുണ്ടോ ; | (സി) | അധികമായി അനുവദിച്ച ബാച്ചുകളിൽ സ്ഥിരം തസ്തിക സൃഷ്ടിക്കുന്നതുവരെ നിയമിക്കപ്പെട്ട ഗസ്റ്റ് അധ്യാപകർക്ക് വേതനം ലഭ്യമായിട്ടില്ല. സ്ഥിരനിയമനം നേടിയ അധ്യാപകർക്ക് ശമ്പളം ഇല്ലാതാകുന്ന അവസ്ഥ ഇല്ല. |
| (ഡി) | നിയമന നടപടികൾ അസാധുവായിട്ടുണ്ടോ ; | (ഡി) | നിയമാനുസൃത നിയമനങ്ങൾ അസാധുവാക്കിയിട്ടില്ല. |
| (ഇ) | പുതുതായി നിയമന നടപടികൾ നടത്താത്ത സാഹചര്യത്തിൽ ഇവരുടെ വേതനത്തിന് എന്തെങ്കിലും തീർപ്പ് കല്പിച്ച് നടപടി ഉണ്ടാകുമോ? | (ഇ) | ഗസ്റ്റ് അദ്ധ്യാപകർക്ക് വേതനം നൽകുന്നത് സംബന്ധിച്ച് ഹയർ സെക്കന്ററി ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച വരുന്നു. |

സെക്ഷൻ ഓഫീസർ